LIBRARY ARCHIVES Kerala Legislative Assembly

അധികാര വികേന്ദ്രീകരണം

149 (5501) ശ്രീ. എം. എ. ബേബി :

ശ്രീ. എളമരം കരീം :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അധികാര വികേന്ദ്രീകരണത്തിന് അനുകൂലമായി കീഴ്ത്തട്ടിൽ ജനകീയ ഐക്യവും പൊതുജനാഭിപ്രായവും വളർത്തിയെടുക്കുന്നതിനു സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

ഉത്തരം

അധികാര വികേന്ദ്രീകരണം അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിലേക്കായി കൈക്കൊണ്ട വിവിധ പ്രവർത്തനങ്ങളിലൂടെ അധികാര വികേന്ദ്രീകരണത്തിന് അനുകൂലമായി കീഴ്ത്തട്ടിൽ ജനകീയ ഐക്യവും പൊതുജനാഭിപ്രായവും വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

വാർഡ് വിഭജനം

150 (5502) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന നടപടികൾ പൂർത്തിയായോ :

(ബി) ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ :

(സി) വാർഡ് വിഭജനം സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവ പരിശോധിച്ച് പരിഹാരം കണ്ടെത്തിയ ശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്ന നിലപാട് സ്വീകരിക്കുമോ; പരാതികളുടെ പൊതുസ്വഭാവം വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. സംസ്ഥാനത്ത് 2015-ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി പുതുതായി രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളിന്മേലുള്ള നേരിൽ കേൾക്കലുൾപ്പെടെയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

ധനകാര്യ കമ്മീഷൻ ശിപാർശയും തദ്ദേശ സ്ഥാപനങ്ങളും

151 (5503) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ഇപ്പോൾ ആവശ്യത്തിന് പണം ലഭിക്കുന്നുണ്ടോ ;

(ബി) ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 30% തുക തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ ;

(സി) മൊത്തം പദ്ധതി അടങ്കലിൽ നിന്നും എത്ര തുക മാറ്റിവച്ചതിനു ശേഷമുള്ള തുകയാണിപ്പോൾ ലഭിക്കുന്നത് ; ഇത് ധനകാര്യ കമ്മീഷൻ ശിപാർശയ്ക്ക് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഫലത്തിൽ എത്ര ശതമാനം തുകയാണ് ലഭിക്കുന്നതെന്നും ഇതിൽ ഓരോ വർഷവും എത്ര ശതമാനം വീതം ചെലവഴിക്കാൻ സാധ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിൽ കുറയാത്ത തുക ലഭ്യമാക്കിയിട്ടുണ്ട്.

(സി) മൊത്തം പദ്ധതി അടങ്കലിൽനിന്നും 15,200 കോടി രൂപ മാറ്റിവച്ചതിനു ശേഷമുള്ള 4,800 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്നത്. ഇത് ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശക്ക് വിരുദ്ധമല്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly